കേരള സർക്കാർ

ജലവിഭവ വകുപ്പ്

ചെറുകിട ജലസേചന ഉപവിഭാഗം, കാഞ്ഞങ്ങാട്

## പുനർ ക്വട്ടേഷൻ പരസ്യം

നമ്പർ.ഡി.1-370/2020 തിയതി : 04.09.2020

കേരളാ ഗവർണ്ണർക്കു വേണ്ടി കാഞ്ഞങ്ങാട് ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ താഴെ പറയുന്ന പ്രവർത്തികൾക്കുവേണ്ടി നിർദ്ദിഷ്ട യോഗ്യതയുള്ള കരാറുകാരിൽ നിന്നും മൽസര സ്വഭാവമുള്ള ക്വട്ടേഷനുകൾ പ്രവൃത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷൻ രജിസ്ടേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളു. കൊറിയർ സർവ്വീസിൽ അയക്കുന്നതോ നേരിട്ട് നൽകുന്നതോ ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.തപാൽ തകരാറു മൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരു വിധ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല.

ക്രമ നമ്പർ, ക്വട്ടേഷൻ നമ്പർ, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരത ദ്രവ്യം, കരാറുകാരന്റെ യോഗ്യത ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതി, പ്രവൃത്തി തീർക്കേണ്ട കാലാവധി എന്നിവ ക്രമത്തിൽ.

| ക്രമ നമ്പർ | ക്വട്ടേഷൻ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരദ ദ്രവ്യം (രൂപ) | കരാറു കാരന്റെ യോഗ്യത | ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | പ്രവർത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | **പുനർക്വട്ടേഷൻ** | | | | | |
| 1 | 29/2020-21 | കിനാനൂർ-കരിന്തളം പഞ്ചായത്തിലെ കവാറ്റി വിസിബിയുടെ നവീകരണം | 588271 | 14800 | ഡിയും മുകളിലും | 24.09.2020 ന് 1.00PM | 6 മാസം |
| 2 | 30/2020-21 | പ്രോജക്ട് മെയിന്റനൻസ് - നീലേശ്വരം മുനിസിപ്പാലിറ്റിയിലെ മുണ്ടേൻമാട് ഉപ്പുവെള്ള പ്രതിരോധ അണക്കെട്ടിന്റെ നവീകരണ പ്രവൃത്തി | 265582 | 6700 | ഡിയും മുകളിലും | 24.09.2020 ന് 1.00PM | 6 മാസം |
| 3 | 31/2020-21 | പനത്തടി ഗ്രാമപഞ്ചായത്തിലെ പാണത്തൂർ പുഴയ്ക്ക് കുറുകെയുള്ള ബളാംതോട് ചെക്ക്ഡാമിന്റെ 2020-21 കാലയളവിലേക്കുള്ള വാർഷിക അറ്റകുറ്റപ്പണികൾ | 74809 | 1900 | ഡിയും മുകളിലും | 24.09.2020 ന് 1.00PM | 12 മാസം |
| 4 | 32/2020-21 | കള്ളാർ ഗ്രാമപഞ്ചായത്തിലെ പാണത്തൂർ പുഴയ്ക്ക് കുറുകെ പൂക്കയം ചെക്ക്ഡാമിന്റെ 2020-21 കാലയളവിലേക്കുള്ള വാർഷിക അറ്റകുറ്റപ്പണികൾ | 16931 | 500 | ഡിയും മുകളിലും | 24.09.2020 ന് 1.00PM | 12 മാസം |

പ്രവൃത്തികളുടെ ക്വട്ടേഷൻ പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയരുടെ കാര്യാലയത്തിൽ നിന്നും **15.09.2020 മുതല് 16.09.2020 വരെ** ഉച്ചക്ക് ഒരു മണി വരെ രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. പ്രവൃത്തികളുടെ ക്വട്ടേഷൻ **24.09.2020** ന് ഉച്ചയ്ക്ക് **1.00** (ഒന്ന്) മണി വരെ മാത്രമേ സ്വീകരിക്കുകയുള്ളു. പ്രവൃത്തികളുടെ ക്വട്ടേഷനുകൾ **24.09.2020** ന് ഉച്ചയ്ക്ക് **3.00** മണിക്കു സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയരോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ തുറക്കുന്നതായിരിക്കും. മുകളിൽ പറഞ്ഞ ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടി ക്വട്ടേഷൻ നടത്തുന്നതാണ്.

ക്വട്ടേഷൻ പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ആവശ്യമായ നിരത-ദ്ര ഇല്ലാത്തതും, പ്രാഥമിക ഉടമ്പടി **230/**-രൂപയുടെ മുദ്രപത്രത്തിൽ അച്ചടിച്ചിട്ടില്ലാത്തതുമായ ക്വട്ടേഷൻ നിരസിക്കുന്നതാണ്. ക്വട്ടേഷ്ന്റെ കൂടെ ലൈസൻസ്, പാൻകാർഡ് എന്നിവയുടെ ശരിപ്പകർപ്പും കൂടി നൽകേണ്ടതാണ്.

കട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ഈ സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിരിക്കുന്ന പണികളുടെ വിശദ വിവരവും അതിന്റെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റും അതാത് റജിസ്ട്രാറിൽ നിന്നും വാങ്ങി കട്ടേഷൻ ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

1989ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 9(2) വകുപ്പു അനുസരിച്ച് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ നിർമ്മാണതുകയുടെ മൊത്തം ഒരു ശതമാനം കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് ബില്ലിൽ നിന്ന് കൊടുക്കേണ്ടതാണ്. കൂടാതെ കാലാകാലങ്ങളിൽ മാറ്റം വരുത്തുന്ന നിരക്കനുസരിച്ച് ബില്ലിൽ നിന്ന് നൽകേണ്ടതാണ്. കൂടാതെ സർക്കാർ അനുശാസിക്കുന്ന നികുതികളും ബില്ലിൽ നിന്ന് ഈടാക്കുന്നതാണ്. കാരാർ ഉടമ്പടിക്ക് സെലക്ഷൻ നോട്ടീസ് നൽകിയാൽ നിശ്ചിത കാലാവധിക്കുള്ളിൽ കരാർ ഉടമ്പടി വെച്ച് ടി പ്രവൃത്തികൾ സമയ പരിധിക്കുള്ളിൽ ചെയ്തു തീർക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

കേരള ജലവിഭവ വകുപ്പിലെ കട്ടേഷനുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

NB

1) നിലവിലുള്ള നിയമ പ്രകാരം അംഗീകരിക്കപ്പെട്ട ജലനിനിയോഗ/ഉണഭോക്തൃ സമിതികൾക്ക് ചുമതലപ്പെടുത്തുന്ന പക്ഷം ആ പ്രവൃത്തികൾ കട്ടേഷനിൽ നിന്നും ഒഴിവാക്കുന്നതാണ്.

2) ഐറ്റം റേറ്റ് കട്ടേഷനിൽ രേഖപ്പെടുത്തുന്ന നിരക്കുകളിൽ വെട്ടിത്തിരുത്തലുകൾ പാടില്ല ആയവ നിരസിക്കുന്നതാണ്. കൂടാതെ ഷെഡ്യൂളിലെ കോളം നം.6, 7, 8 എന്നിവ നിർബന്ധമായും പൂരിപ്പിച്ചിരിക്കേണ്ടതാണ്.

രമേശൻ.പി
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ.
(കേരളാ ഗവർണർക്കു വേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം
മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കാഞ്ഞങ്ങാട്

കോപ്പി:

1 എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കാസറഗോഡിന് സമർപ്പിക്കുന്നു
2 എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ, കാസറഗോഡിന് സമർപ്പിക്കുന്നു
3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കാസറഗോഡ്., മഞ്ചേശ്വരത്തിന് അയക്കുന്നു.
4 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, കാഞ്ഞങ്ങാട് അയക്കുന്നു
5 അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ, കാഞ്ഞങ്ങാട്, നീലേശ്വരം, രാജപുരം, തൃക്കരിപ്പൂരിന് അയക്കുന്നു
6 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂഡി റോഡ്സ് സബ് ഡിവിഷൻ, കാഞ്ഞങ്ങാടിന് അയക്കുന്നു..
7 ഈ ഓഫീസിലെ ഹെഡ്ക്ലാർക്കിന്.
8 നോട്ടീസ് ബോർഡിലേക്ക്.
9 ഫയൽ